# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 സെപ്തംബർ 8

# വാർത്താക്കുറിപ്പ്

## ലോകറാങ്കിംഗിൽ മികവ് തെളിയിച്ച് എം.ജി

യു.കെ. ആസ്ഥാനമായ ടൈം ഹയർ എജ്യൂക്കേഷൻ നടത്തിയ ലോക സർവകലാശാലകളുടെ റാങ്കിംഗിൽ മഹാത്മാഗാന്ധി സർവകലാശാലക്ക് 702-ാം സ്ഥാനം. കഴിഞ്ഞ വർഷം നടത്തിയ സർവേയിൽ ലഭിച്ച 711-ാം സ്ഥാനത്തുനിന്നാണ് സർവകലാശാല മികവാർന്ന പ്രവർത്തനത്തിലൂടെ നില മെച്ചപ്പെടുത്തി 702-ാം സ്ഥാനത്തെത്തിയത്.

ഇന്ത്യൻ സർവകലാശാലയിൽ കഴിഞ്ഞ വർഷത്തെ 15-ാം സ്ഥാനം നിലനിർത്താനും മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കഴിഞ്ഞു. യു.കെ.യിലെ ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയാണ് ഇത്തവണയും ലോകറാങ്കിങ്ങിൽ ഒന്നാമത് എത്തിയിട്ടുള്ളത്. അമേരിക്കയിലെ കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്‌ളോജി, ഹാർവാർഡ് യൂണിവേഴ്സിറ്റി എന്നിവയ്ക്കാണ് റാങ്കിംഗിൽ രണ്ടാം സ്ഥാനം.

ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആണ് ഇന്ത്യൻ സ്ഥാപനങ്ങളിൽ ഏറ്റവും മുന്നിട്ട് നിൽക്കുന്നത്. ഐ.ഐ.ടി. റോപാർ, ഐ.ഐ.ടി. ഇൻഡോർ, ഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി ഉടങ്ങിയവയും റാങ്കിംഗിൽ മികച്ച സ്ഥാനം നേടിയിട്ടുണ്ട്.

(പി.ആർ.ഒ/39/872/2021)

## എം.ജി യിൽ സന്ദർശകരെ അനുവദിക്കില്ല

കോവിഡ് കണ്ടെയിൻ്റ്മെൻ്റ് സോൺ നിയന്ത്രണങ്ങളുള്ളതിനാൽ മഹാത്മാഗാന്ധി സർവ്വകലാശാല ഓഫീസുകളിലും പരീക്ഷാ ഭവനിലും സന്ദർശകരെ അനുവദിക്കില്ലെന്ന് വൈസ് ചാൻസലർ അറിയിച്ചു. ഗ്രേഡ് കാർഡ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവ വിതരണത്തിനായി കൊളജുകളിൽ ഉടൻ എത്തിക്കുന്നതാണ്. എൻ.സി.സി, എൻ.എസ്.എസ്, സ്പോർട്സ് എന്നിവയുമായി ബന്ധപ്പെട്ട ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ വിദ്യാർത്ഥികൾ അതത് കോളജ് പ്രിൻസിപ്പൽമാർ മുഖേന മാത്രം സർവ്വകലാശാലയിലേക്ക് അയച്ചാൽ മതിയാകും

(പി.ആർ.ഒ/39/873/2021)

## ഗ്രേസ് മാർക്ക്

2018 അഡ്മിഷൻ - സി.ബി.സി.എസ്. യു.ജി. വിദ്യാർഥികളിൽ എൻ.സി.സി., എൻ.എസ്.എസ്., സ്പോർട്സ്, കലോത്സവം എന്നിവയിൽ ഗ്രേസ് മാർക്കിന് അർഹരായ മൂന്ന്, നാല് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവർ ആദ്യ അവസരത്തിലെ മാർക്കിൽത്തന്നെ ഗ്രേസ് മാർക്ക് ചേർക്കുന്നതിനായി സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഫോർമാറ്റ് പൂരിപ്പിച്ച് ce@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലോ നേരിട്ടോ ടാബുലേഷൻ സെക്ഷനുകളിൽ നൽകണമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ/39/874/2021)

## പരീക്ഷാ ഫലം

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഹിന്ദി പി.ജി.സി.എസ് .എസ്. സപ്ലിമെന്ററി/ബെറ്ററർമെന്റ്, ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. (സപ്ലിമെന്ററി) എം.എസ് സി.ബയോഇൻഫർമാറ്റിക്സ്, ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. (സപ്ലിമെന്ററി) എം.എസ് സി.

(പി.ആർ.ഒ/39/875/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. (റഗുലർ) എം.എസ് സി. സൈബർ ഫോറൻസിക് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/876/2021)

## അംഗീകാരമില്ലാത്ത കോഴ്സുകൾ: ജാഗ്രത വേണമെന്ന് എം.ജി സർവ്വകലാശാല

എം.ജി. സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വയംഭരണ കോളേജുകളുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ സർവകലാശാലയുടെ കേന്ദ്രീകൃത പ്രവേശന സംവിധാനം വഴിയല്ലാതെ പ്രവേശനം നടത്തുന്ന പ്രോഗ്രാമുകളിൽ സർവകലാശാലയുടെ അനുമതി ഇല്ലാത്ത ചില പ്രോഗ്രാമുകളിലേക്ക് പ്രവേശനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവകലാശാലയുടെ അംഗീകാരമില്ലാത്ത പ്രോഗ്രാമുകളിലേക്ക് ഈ സ്ഥാപനങ്ങൾ പ്രവേശനം നടത്താൻ പാടുള്ളതല്ല. പ്രസ്തുത കോളേജുകളിൽ പ്രവേശനത്തിന് അപേക്ഷിക്കുന്നവർ നിശ്ചിത പ്രോഗ്രാമുകൾക്ക് അംഗീകാരം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി 9188641784 എന്ന നമ്പരിൽ ബന്ധപ്പെടണം.

(പി.ആർ.ഒ/39/877/2021)

## ക്യാഷ് അവാർഡ്: അപേക്ഷ 20 വരെ

മഹാത്മാഗാന്ധി സർവകലാശാല 2017-18 യുവജനോത്സവത്തിൽ വിജയികളായ വിദ്യാർഥികൾക്കുള്ള ക്യാഷ് അവാർഡിന് അപേക്ഷിക്കാൻ കഴിയാതിരുന്ന വിദ്യാർഥികൾ സെപ്റ്റംബർ 20ന് മുമ്പ് അപേക്ഷകൾ സമർപ്പിക്കണം. അപേക്ഷഫോറം, അനുബന്ധ വിവരങ്ങൾ എന്നിവ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. ഡയറക്ടർ (ഇൻ ചാർജ്), ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് സർവീസസ്, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വിശദവിവരത്തിന് ഫോൺ: 0481-2731031.

(പി.ആർ.ഒ/39/878/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ